കേരള സർക്കാർ

**സംഗ്രഹം**

എൻ.സി.സി - കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ. സജി. റ്റി.എൻ.-ന് ഓഫീസ് അറ്റൻഡന്റ് ആയി തസ്തികമാറ്റം നൽകി കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(കൈ)നം. 395/2021/ഉ.വി.വ. തീയതി, തിരുവനന്തപുരം, 24/09/2021

---

പരാമർശം :- 1. ശ്രീ. സജി റ്റി.എൻ - ന്റെ 12-8-2020- ലെ അപേക്ഷ

2. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 29-9-2020 ലെ 4368/എ 3- എസ്റ്റ/2020/ എൻ.സി.സി. നം. കത്ത്

3. കണ്ണൂർ ജില്ലാ കളക്ടറുടെ 9-5-2021 ലെ DCKNR/1955/2021-A4 നം. കത്ത്

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും അംഗപരിമതർക്കായുള്ള ഒഴിവിലെ നിയമന ശിപാർശ പ്രകാരം ചൗക്കിദാർ തസ്തികയിൽ നിയമനം ലഭിച്ച് 27-01-2017-ൽ കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. സജി റ്റി.എൻ, ടിയാൻ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ സ്ഥിരം താമസക്കാരനാണെന്നതിനാലും, ശാരീരിക അവശതകൾ അനുഭവിക്കുന്ന ടിയാന്റെ അംഗപരിമിതരും അവിവാഹിതരുമായ രണ്ട് സഹോദരിമാർ പൂർണ്ണമായും ടിയാനെ ആശ്രയിച്ചാണ് കഴിയുന്നതെന്ന വസ്തുത പരിഗണിച്ചും , കണ്ണൂർ ജില്ലയിലെ 32-ാം കേരള ബറ്റാലിയൻ എൻ.സി.സി.-യിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന കാണിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഓഫീസ് അറ്റൻഡന്റിന്റെ ഒരു ഒഴിവ് നിലവിലുണ്ടെന്നും, സൈനിക സേവനത്തിനിടയിൽ അംഗഭംഗം സംഭവിച്ച പൂർവ്വ സൈനികനായ ശ്രീ. സജി.റ്റി.എൻ- ന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് അഞ്ച് വർഷ ചട്ടത്തിൽ ഇളവു നൽകി, കോഴിക്കോട് ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്ന വിഷയം അനുഭാവപൂർവ്വം പ്രത്യേക കേസായി പരിഗണിക്കുന്നതിന് എൻ . സി . സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീ. സജി.റ്റി.എൻ-ന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

......2)

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ. സജി. റ്റി.എൻ.-ന് കണ്ണൂർ ജില്ലയിലെ 32-ാം കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകി, കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 17 ഉപചട്ടം (ഡി)യ്ക്കു കീഴിലെ കുറിപ്പ്-3 ലെ 5 വർഷ നിബന്ധനയിൽ ഇളവു വരുത്തി, കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

3. ശ്രീ. സജി. റ്റി.എൻ.-ന് കണ്ണൂർ ജില്ലയിലെ 32-ാം കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകി നിയമിക്കുന്നതിനുള്ള നടപടികൾ എൻ . സി . സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വേണു വി. ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. സജി. റ്റി.എൻ., ചൗക്കിദാർ, എൻ.സി.സി. ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, കോഴിക്കോട്.

( എൻ.സി,സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ മുഖേന)

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ ), കേരള, തിരുവനന്തപുരം.

പൊതു ഭരണ (എസ്.സി) വകുപ്പ് ( 22-9-2021 ലെ ഇനം നം. 265 പ്രകാരം )

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jayakumar
സെക്ഷൻ ഓഫീസർ

5464558/2021/(A) (H.Edn)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-09-2021

ഫയൽ നം. എ2/189/2020/ഉ.വി.വ. ഇനം നം: 265

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ. സജി റ്റി എൻ-ന് കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/189/2020/ഉ.വി.വ. |
| 2. | വകുപ്പ് | : | ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്. |
| 3. | വിഷയം | : | കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ. സജി. റ്റി.എൻ.-ന് കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20-7-2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സന്തോഷ് കുമാർ എസ്.ആർ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു.വി. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 7-9-2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 8-9-2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17-9-2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20-9-2021 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ. സജി. റ്റി.എൻ.-ന് കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും അംഗപരിമതർക്കായുള്ള ഒഴിവിലെ നിയമന ശിപാർശ പ്രകാരം ചൗക്കിദാർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. സജി റ്റി.എൻ, 27-01-2017-ൽ കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ജോലിയിൽ പ്രവേശിച്ചു. ടിയാൻ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ സ്ഥിരം താമസക്കാരനാണ്. ശാരീരിക അവശതകൾ അനുഭവിക്കുന്ന ശ്രീ. സജി റ്റി.എൻ-ന്റെ അംഗപരിമിതരും അവിവാഹിതരുമായ രണ്ട് സഹോദരിമാർ പൂർണ്ണമായും ടിയാനെ ആശ്രയിച്ചാണ് കഴിയുന്നതെന്ന വസ്തുത പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ 32-ാം കേരള ബറ്റാലിയൻ എൻ.സി.സി.-യിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഓഫീസ് അറ്റൻഡന്റിന്റെ ഒരു ഒഴിവ് നിലവിലുണ്ടെന്നും, സൈനിക സേവനത്തിനിടയിൽ അംഗഭംഗം സംഭവിച്ച പൂർവ്വ സൈനികനായ ശ്രീ. സജി.ടി.എൻ- ന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് അഞ്ച് വർഷ ചട്ടത്തിൽ ഇളവു നൽകി, കോഴിക്കോട് ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്ന വിഷയം അനുഭാവപൂർവ്വം പ്രത്യേക കേസായി പരിഗണിക്കുന്നതിന് എൻ . സി . സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ശിപാർശ ചെയ്തിട്ടുണ്ട്.

3. 2-12-1991 ലെ ജി . ഒ ( പി )36/91/ പി . ആന്റ് .എ .ആർ . ഡി നം ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന ജില്ലയിൽ അഞ്ചു വർഷം പൂർത്തിയാകാതെ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 21-1-2002- ലെ ജി.ഒ(പി)1/2002/P&ARD നം. ഉത്തരവുപ്രകാരം (കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് (അമെന്റ്മെന്റ്) റൂൾസ് 2002 ) ലാസ്റ്റ് ഗ്രേഡ് സർവീസ് റൂൾസിന്റെ ചട്ടം 17(ഡി)-യ്ക്കു താഴെ നോട്ട് 3- ആയി പ്രസ്തുത വ്യവസ്ഥ ചേർത്തിട്ടുമുണ്ട്. ടി സാഹചര്യത്തിൽ, ശ്രീ സജി.ടി.എൻ- ന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്ന വിഷയത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ

റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ഭാര്യയും, മകനും, ശാരീരിക വൈകല്യമുള്ള രണ്ട് സഹോദരിമാരും അപേക്ഷകനെ ആശ്രയിച്ച് മാത്രം കഴിയുന്നവരാണെന്നതിനാലും, ഓസ്റ്റിയോപൊറോസിസ്, പോളിയോ എന്നീ രോഗ ബാധിതരും, വാർദ്ധക്യ സഹജമായ അവശതകൾ അനുഭവിക്കുന്നവരുമായ സഹോദരിമാരുടെയും, കുടുംബത്തിന്റെയും ഏക ആശ്രയമായ അപേക്ഷകന്റെ സാമീപ്യം കുടുംബത്തിന് അത്യാവശ്യമായതിനാലും ശ്രീ. സജി.ടി.എൻ-ന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിന് ടിയാൻ അർഹനാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. എൻ.സി.സി. വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, ചൗക്കിദാർ, ലാസ്കർ, മസാൾച്ചി എന്നീ വിഭാഗങ്ങൾ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉൾപ്പെടുന്നവയാണ്. ഒരേ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് (വിമുക്ത ഭടന്മാർ മാത്രം ഉൾപ്പെട്ടത്) ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത്.

5. ശ്രീ.സജി.ടി.എൻ-ന് ചട്ടത്തിൽ ഇളവ് വരുത്തി, കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## <u>തീരുമാനിക്കേണ്ട വിഷയം</u>

**കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ.സജി.റ്റി.എൻ.-ന് കണ്ണൂർ ജില്ലയിലെ 32-ാം കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയി തസ്തികമാറ്റം നൽകി അന്തർജില്ലാ സ്ഥലം മാറ്റം നൽകുന്ന കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച്, കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 17 ഉപചട്ടം (ഡി)യുടെ കീഴിലെ കുറിപ്പ് -3 ലെ 5 വർഷ നിബന്ധനയിൽ ഇളവ് വരുത്തി, അനുവദിക്കാവുന്നതാണോ?**